**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 533** **09-11-2021 - ൽ മറുപടിയ്ക്ക്**

**കേരള വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അതിനനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് കേരള വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ രൂപീകരിച്ച സേനയ്ക്ക് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുള്ളത്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കേരള വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഓൺലൈനായി ഇതുവരെ 1,15,862 പേർ വോളന്റീയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്യുകയും ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാം ഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി. മൂന്നാംഘട്ട പരിശീലനത്തിന്റെ ഭാഗമായി പഞ്ചായത്ത്തലത്തിൽ വോളന്റീയർ യൂത്ത് ആക്ഷൻഫോഴ്സ് വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത്തല പരിശീലകൻമാർക്കുള്ള പരിശീലനം 2019 നവംബർ 16, 17, 18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റീയർ യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. സന്നദ്ധ സേവന സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പരമാവധി പേർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് സംസ്ഥാന യുവജനക്ഷേമ |

| | | | |
|---|---|---|---|
| | | | ബോർഡ് ആവിഷ്കരിക്കുന്നത്. നിലവിൽ 1200 ഓളം പേർക്ക് അവർക്ക് യാതൊരുവിധ സാമ്പത്തികബാദ്ധ്യതയും ഉണ്ടാകാതെ മൂന്നാറിൽ വച്ച് വ്യക്തിത്വ വികസനം കൂടി ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുമുണ്ട്. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച സേനയുടെ പരിശീലനം 2021 ഫെബ്രുവരി മാസം സംഘടിപ്പിക്കുകയും ചെയ്തു. ദേവികുളം സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനായി പരിശീലനം ലഭിച്ച വോളന്റിയർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ്, അഡ്വഞ്ചർ സ്പോർട്സ്, സ്കൂബാ ഡൈവിംഗ് എന്നിവയിലും പരിശീലനം നൽകുകയുണ്ടായി. |
| (ബി) | അശരണരായ വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും പരിചരിക്കുന്നതിനും അവർക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായങ്ങൾ നൽകുന്നതിനുമുള്ള പ്രായോഗിക പരിശീലനം ഇവർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അശരണരായ വൃദ്ധജനങ്ങളെയും, കൂടാതെ കിടപ്പുരോഗികളെയും പരിചരിക്കുന്നതിനും അവർക്ക് വേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഹോംകെയർ മോഡലിൽ പാലിയേറ്റീവ് രംഗത്ത് പ്രത്യേകം പരിശീലനം നേടിയ യുവതീയുവാക്കളുടെ ഒരു ടീം കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ കീഴിൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ നൽകിയിട്ടുണ്ട്. |
| (സി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും യൂത്ത് ആക്ഷൻ ഫോഴ്സിനെ നിലനിർത്തുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കുമോ; | (സി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് പഞ്ചായത്ത് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡ് തലത്തിലും അതാത് സ്ഥലങ്ങളിൽ സ്ഥിരതാമസക്കാരായ യുവജനങ്ങളെ ഉൾപ്പെടുത്തി രക്ഷാപ്രവർത്തനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്തെ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രസ്തുത സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ? | (ഡി) | യുവാക്കളെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 5 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്ന ഒരു പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ നൽകിയിട്ടുണ്ട്. 14 ജില്ലകളിൽ നിന്നുമായി ആകെ 70 ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ 3500ഓളം |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കും. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളുടെ സേവനം ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ